കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ

8 (*388) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഈ വർഷം ഇതുവരെ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; കാലവർഷക്കെടുതിയിലുണ്ടായ നഷ്ടം കണക്കാക്കിയോ ; എങ്കിൽ എത്ര ;

(ബി) കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് വീട് നഷ്ടപ്പെട്ടവർ എത്ര ; ഇവരുടെ പുനരധിവാസം, ദുരിതാശ്വാസപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ ;

(സി) കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ദുരന്തങ്ങൾ സംഭവിച്ചിട്ടുള്ളത് ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കാലവർഷക്കെടുതികൾ നേരിടുന്നതിന് ഓരോ ജില്ലകളിലേയ്ക്കും എത്ര തുക വീതം അനുവദിച്ചു ;

(ഇ) സംസ്ഥാനത്തെ കാലവർഷക്കെടുതികൾ നേരിടുന്നതിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) കാലവർഷക്കെടുതിക്കിരയായവർക്കും വീട് നഷ്ടപ്പെട്ടവർക്കും മരണമടഞ്ഞവർക്കും എന്ത് സഹായമാണ് സർക്കാർ നല്കുന്നത് എന്ന് വ്യക്തമാക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനത്തൊട്ടാകെ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഈ വർഷം ഇതുവരെ 11,24,05,510 രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചും, വിളതിരിച്ചുമുള്ള കൃഷിനാശം അനുബന്ധം 1, 2 ആയി ചേർത്തിട്ടുണ്ട്. *

(ബി) ഇതുവരെ ലഭ്യമായ കണക്ക് വച്ച് പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർ 205 പേരും, ഭാഗികമായി വീട് നഷ്ടപ്പെട്ടവർ 925 പേരുമാണ്. പൂർണ്ണമായി വീട് നഷ്ടപ്പെട്ടവരെ താല്ക്കാലികമായി ആശ്വാസകേന്ദ്രങ്ങളിൽ പാർപ്പിക്കുകയും അവർക്കാവശ്യമായ ഭക്ഷണം, വസ്ത്രം എന്നിവ വിതരണം ചെയ്യാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിലാണ് കൂടുതൽ ദുരന്തങ്ങൾ സംഭവിച്ചത്.

(ഡി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കാലവർഷം അതിന്റെ പൂർണ്ണതയിൽ എല്ലാ ജില്ലകളിലും എത്തിയിട്ടില്ലാത്തതിനാൽ, ഇതുവരെ പ്രത്യേക കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടില്ല. കെടുതികളുടെ പൂർണ്ണമായ വിവരം ശേഖരിച്ച് താമസിയാതെ പ്രത്യേക കേന്ദ്ര സഹായം (എൻ.സി.ബി.എഫ്) അഭ്യർത്ഥിക്കുന്നതാണ്.

(എഫ്) വീട് പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് 15,000 രൂപയും ഭാഗികമായി കേട് സംഭവിക്കുന്നവർക്ക് 5,000 രൂപ വരെയും, വീടും സ്ഥലവും ഒന്നും ശേഷിക്കാതെ ഒലിച്ചുപോയവർക്ക് 25,000 രൂപയും ധനസഹായം നല്കുന്നു. പ്രായപൂർത്തിയായ ആൾ മരിച്ചാൽ ആശ്രിതർക്ക് 50,000 രൂപയും, പ്രായപൂർത്തിയാകാത്തവരുടെ ബന്ധുക്കൾക്ക് 15,000 രൂപയും നല്കുന്നു.

നിയമനാംഗീകാരമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകർ

9 (*389) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എയിഡഡ് വിദ്യാലയങ്ങളിൽ മൂന്നും നാലും വർഷമായി നിയമനാംഗീകാരമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ അദ്ധ്യാപകരുടെ നിയമനാംഗീകാരം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഇത്തരം അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുവാനും ശമ്പളം കൊടുക്കുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി & സി) ഹൈസ്കൂൾ തലംവരെ 29-10-2001 വരെ നടത്തിയ നിയമാനുസൃതമായ നിയമനങ്ങൾ അംഗീകരിക്കാൻ 27-4-2002-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 80/2002/പൊ.വി. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ അതിനുശേഷമുള്ളവ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും അംഗീകരിക്കുന്നതു സംബന്ധിച്ചും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതുസംബന്ധിച്ച്. താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നു.

1999-2000, 2000-2001, 2001-2002 എന്നീ മൂന്ന് അദ്ധ്യയന വർഷങ്ങളിലെ 7648 ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ ജി.ഒ. (എം. എസ്.) 261/2001/പൊ.വി. ഉത്തരവ് പ്രകാരം 17-8-2001-ൽ മാത്രമാണ് സൃഷ്ടിച്ചത്. ഇത്രയേറെ അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച് സ്വാഭാവികമായ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly